Talented Bankers Literary Panel
പുസ്തക പരിചയം 159

പുസ്തകം പരിചയപ്പെടുത്തുന്നത്,
ഉണ്ണികൃഷ്ണൻ ഐ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
എടമുട്ടംശാഖ.

ഡബിൾ ബെൽ (അനുഭവങ്ങൾ)
ഹാരിസ് നെന്മേനി

KSRTC

ആനവണ്ടി എന്ന് നമ്മൾ വിളിക്കുന്ന കെഎസ്ആർടിസി ബസ്.... അതിലെ കണ്ടക്ടറുടെയും ഡ്രൈവറുടെയും ജീവിതം...

ഹാരിസ് നെന്മേനി എഴുതിയ ഡബിൾ ബെൽ എന്ന പുസ്തകം അദ്ദേഹത്തിന്റെ കെഎസ്ആർടിസി കണ്ടക്ടർ ജീവിതത്തിന്റെ നേർകാഴ്ചയാണെങ്കിലും, അത്തരം യാത്രകൾ ചെയ്ത രാത്രികളിൽ നമ്മളിലേക്ക് ആഴ്ന്നിറങ്ങിയ കനത്ത അനുഭവങ്ങളുടെ ഉരച്ചുനോക്കൽ കൂടിയാണ് ഈ വായനാനുഭവം..

ഞാൻ അതിൽ ഒരു സ്ഥിരയാത്രികൻ ആകുന്നത് ജോലി കിട്ടിയതിനു ശേഷമാണ്, 90കളുടെ തുടക്കത്തിൽ. അന്ന് തൃശ്ശൂർ-കോഴിക്കോട്, കോഴിക്കോട്- വയനാട് റൂട്ടുകൾ ദേശസാൽകൃത റൂട്ടുകൾ ആയിരുന്നു. അനുഭവജ്ഞാനമുള്ള ഡ്രൈവറുണ്ടെന്ന ആശ്വാസത്തോടെ, കാലുകൾ നീട്ടിവെച്ച്, കുരങ്ങുകളെയും കാപ്പിതോട്ടങ്ങളെയും നോക്കിയിരുന്ന് വയനാട്ടിലേക്ക് നടത്തിയ ആ യാത്രകളിലാണ് ഞാൻ ഇവനെ ഇഷ്ട്ടപ്പെടാൻ തുടങ്ങിയത്. പിന്നീട് ഏഴുവർഷത്തോളം ഓഡിറ്റ് ജോലിക്കായി ഇവനുമൊത്ത് എല്ലാ ആഴ്ചകളിലും, കേരളത്തിൽ ഏതാണ്ടെല്ലാ സ്ഥലങ്ങളും കറങ്ങി. MC റോഡിലൂടെ, ആലപ്പുഴയുടെ തീരദേശങ്ങളിലൂടെ, കോട്ടയത്തേയും ഇടുക്കിയിലെയും മലയോരങ്ങളിലൂടെ, കുട്ടനാട്ടിലൂടെ... അടിവാരങ്ങളിലെ ചായകുടി, ഡീസലിന്റെയും ടയർ ഉരയുമ്പോളും ഉണ്ടാകുന്ന മണം, രാത്രി നിശ്ശബ്ദയുടെ പറഞ്ഞറിയിക്കാനാവാത്ത അനുഭൂതി.... ബസിൽ പാട്ട് ഇല്ലെങ്കിലും അവന്റെ യാത്രക്ക് ഒരു പ്രത്യേക ഈണവും താളവും ഉണ്ടായിരുന്നു.

PSC പരീക്ഷയെഴുതി കെഎസ്ആർടിസി കണ്ടക്ടർ ആകുന്ന ഭൂരിഭാഗം പേരും ഡിഗ്രിയോ പോസ്റ്റ് ഗ്രാജുവേഷനോ ഉള്ളവരാണ്. ഞാൻ പിജിക്ക് പഠിച്ചുകൊണ്ടിരുന്നപ്പോൾ മുൻകാലത്ത് റാങ്കോടെ പാസായ ഒരാൾ പാരലൽ കോളജിൽ പഠിപ്പിച്ചിരുന്നതും, കെഎസ്ആർടിസി കണ്ടക്ടർ

ലിസ്റ്റിൽ പേരുണ്ട് എന്ന് ചിരിച്ചു പറഞ്ഞതും ഇന്നും ഓർമ്മയുണ്ട്. ഈ പുസ്തകം എഴുതിയ ഹാരിസ് തന്നെ രണ്ടു പിജി സ്വന്തമാക്കിയ ആളാണ്.

കണ്ടക്ടർമാർ ചിരിക്കാത്തത് എന്തുകൊണ്ടാണെന്ന് ഹാരിസ് എഴുതുന്നു. "ദൂരയാത്രകളും കഠിനപാതകളും അയവില്ലാത്ത ഉത്തരവാദിത്വവും സമ്മാനിക്കുന്നത് സംഘർഷം മാത്രമാണ്. എന്നാലും വൈവിധ്യം നിറഞ്ഞ അനുഭവങ്ങൾ കൊണ്ട് സമ്പന്നമാണ് ബസ് കണ്ടക്ടറുടെ ജീവിതം. ഗൗരവങ്ങൾക്കിടയിലും നർമ്മത്തിന്റെയും മനുഷ്യത്വത്തിന്റെയും പ്രകാശം ഊർന്നു വീഴുന്നുണ്ട് ".

വിവിധതരം ആളുകൾ, അവരുടെ അഭിപ്രായങ്ങൾ, പ്രതിഷേധങ്ങൾ, വൈകൃതങ്ങൾ, "ചില്ലറ"യുടെ വലിയ പ്രശ്നങ്ങൾ, സ്നേഹങ്ങൾ.... ദുരിതയാത്രകൾ, പ്രതിസന്ധികളിലെ രക്ഷകർ, വണ്ടിയിലെ കള്ളക്കടത്തുകൾ, അപകടങ്ങൾ...എല്ലാം നമുക്കിതിൽ വായിക്കാം...

കേരളത്തിൽ ഏറ്റവും വലിയ ഒരു പൊതുമേഖലാ സ്ഥാപനമാണ് കെഎസ്ആർടിസി. ഒരുപാടുപേരുടെ അന്നം. ഏതൊരു മലയാളിക്കും ഒരു ksrtc ജീവനക്കാരനെയെങ്കിലും പരിചയം കാണും. ഒരുപാട് വിമർശനങ്ങൾ ഈ സ്ഥാപനം നേരിടുന്നു.. ജോലിക്കാരുടെ നിരുത്തരവാദിത്ത്വം കൊണ്ട് സ്ഥാപനം നശിക്കുമെന്ന് ചിലർ മുൻവിധിയെഴുതുന്നു.. ഇത് ആനവണ്ടി അല്ല, നമ്മുടെ നാട്ടിലെ വെള്ളാനയാണെന്നും ഇതിനെ ഇങ്ങനെ തീറ്റിപൊറ്റരുതെന്നും അവർ മുറവിളി കൂട്ടുന്നു. മറ്റു പല പൊതുമേഖലാ സ്ഥാപനങ്ങളേയും പോലെ, കാലത്തിനനുസരിച്ച് തീരുമാനം എടുക്കാൻ മാനേജ്മെന്റ് വൈകുന്നതിന് അതിലെ ജീവനക്കാർ എന്ത് പിഴച്ചു...

പ്രളയകാലത്തും, നിപ്പാ കാലത്തും, ഈ കോവിഡ് കാലത്തും നമുക്ക് ആശ്വാസമായി ഇവൻ ഓടിയെത്തിയത് ഇതൊരു പൊതുമേഖലാ സ്ഥാപനം ആയതുകൊണ്ടാണ്. അതുകൊണ്ട് മാത്രമാണ് നമ്മളുടെ സമരങ്ങളിൽ, അരിശം തീർക്കാൻ ഇവനെ നാം തല്ലി തകർക്കുന്നതും പച്ചക്ക് കത്തിക്കുന്നതും.

എന്തൊക്കെ പ്രശ്നങ്ങളുണ്ടെങ്കിലും, എത്രയൊക്കെ ആക്ഷേപങ്ങൾ കേൾക്കുന്നുണ്ടെങ്കിലും, ഡബിൾ ബെൽ മുഴങ്ങുമ്പോൾ, കുന്നുകളിലും ഊരുകളിലും ഗ്രാമീണപാതകളിലും ചതുപ്പുകളിലും ഇവൻ ഇപ്പോഴും തളരാതെ കുതിച്ചോടുന്നു...

ആരോടും പരിഭവം ഇല്ലാതെ... അടിസ്ഥാനവർഗ്ഗത്തിന്റെ ആശ്വാസത്തിനായി....

ഗ്രീൻ ബുക്ക്സ് ആണ് പ്രസാധകർ
വില - 120 രൂപ